## SSLC MODEL EXAMINATION, FEBRUARY- 2025

## SOCIAL SCIENCE (ANSWER KEY)

***COLIN JOSE.E*** — ***BIJU.M***

***DR.AMMR GOVT HSS KATTELA.*** — ***GHSS PARAPPA***

***THIRUVANATHAPURAM*** — ***KASARGOD***

| Qn No | ഉത്തര സൂചകങ്ങൾ | score |
|---|---|---|
| | **PART - A** | |
| 1 | **പാരമ്പര്യേതര ഊർജ്ജസ്രോതസ് :**<br>(c) സൗരോർജ്ജം | 1 |
| 2 | **ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിയുടെ സ്ഥാപകൻ :**<br>(d) സുഭാഷ് ചന്ദ്രബോസ് | 1 |
| 3 | **കേന്ദ്ര സർവീസ് :**<br>(c) ഇന്ത്യൻ ഫോറിൻ സർവീസ് | 1 |
| 4 | **കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയിൽ ഉൾപ്പെടാത്തത് :**<br>(d) സ്റ്റാമ്പ് ഡ്യൂട്ടി | 1 |
| 5 | **ഹിമാലയൻ നദികളെ സംബന്ധിച്ച ശരിയായ പ്രസ്താവന :**<br>(d) സമതല പ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത | 13 |
| 6 | **അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**<br>• ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ<br>• ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ<br>• സമയക്രമീകരണം<br>• ഫലവത്തായ രീതിയിലുള്ള ആശയവിനിമയം<br>• വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും | 3 |
| 7 | **അഴിമതി തടയുന്നതിനായി ഇന്ത്യയിൽ രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ:**<br>• ലോക്പാൽ<br>• ലോകായുക്ത<br>• ഓംബുഡ്സ്മാൻ<br>• സെൻട്രൽ വിജിലൻസ് കമ്മീഷൻ | 3 |
| 8 | **ഇന്ത്യയുടെ കാലാവസ്ഥ,ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവ്വത മേഖല വഹിക്കുന്ന പങ്ക് :**<br>• പുരാതനകാലം മുതൽ തന്നെ വടക്കുപടിഞ്ഞാറനിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചു പോരുന്നു<br>• മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു<br>• ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് | 3 |

<table>
<tr><td></td><td>കടക്കാതെ ചെറുക്കുന്നു<ul><li>വൈവിധ്യമാർന്ന സസ്യ ജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി</li><li>നദികളുടെ ഉത്ഭവ പ്രദേശം</li></ul></td><td></td></tr>
<tr><td>9</td><td>മുംബൈ പ്രധാന പരുത്തിത്തുണി വ്യവസായകേന്ദ്രമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ:<ul><li>സമീപപ്രദേശങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കളുടെ സുഗമമായ ലഭ്യത</li><li>കുറഞ്ഞ നിരക്കിൽ ഊർജ്ജ ലഭ്യത</li><li>മുംബൈ തുറമുഖം കേന്ദ്രീകരിച്ചുള്ള കയറ്റിറക്കുമതി സാധ്യതകൾ</li><li>ശുദ്ധജലലഭ്യത</li><li>മനുഷ്യവിഭവലഭ്യത</li></ul></td><td>3</td></tr>
<tr><td>10</td><td>നികുതി എന്നാൽ എന്ത്?വിവിധതരം നികുതികൾ ഏതെല്ലാം?<ul><li>ക്ഷേമപ്രവർത്തനങ്ങൾ,വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ പൊതുതാൽപര്യത്തിനു വേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി.</li><li>പ്രത്യക്ഷനികുതി</li><li>പരോക്ഷനികുതി</li></ul></td><td>3</td></tr>
<tr><td>11</td><td><table><tr><th>A</th><th>B</th></tr><tr><td>വനിതാ സർവകലാശാല</td><td>ഡി.കെ.കാർവെ</td></tr><tr><td>കേരള കലാമണ്ഡലം</td><td>വള്ളത്തോൾ നാരായണ മേനോൻ</td></tr><tr><td>വിശ്വഭാരതി സർവകലാശാല</td><td>രവീന്ദ്രനാഥ ടാഗോർ</td></tr><tr><td>ജാമിഅ മില്ലിയ ഇസ്ലാമിയ</td><td>എം.എ.അൻസാരി</td></tr></table></td><td>4</td></tr>
<tr><td>12</td><td>ഗുരുവായൂർ സത്യഗ്രഹം:<ul><li>ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നടത്തിയ സമരം</li><li>കെ കേളപ്പന്റെ നേതൃത്വത്തിൽ നടന്നു</li><li>എ കെ ഗോപാലൻ വളണ്ടിയർ ക്യാപ്റ്റൻ</li><li>ഈ സത്യഗ്രഹത്തിൽ പി കൃഷ്ണപിള്ളയ്ക്ക് ക്രൂരമായ മർദ്ദനമേറ്റു</li><li>ഈ സമരങ്ങളുടെ ഫലമായി തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു</li></ul></td><td>4</td></tr>
<tr><td>13</td><td>ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.അവയിൽ ഏതെങ്കിലും രണ്ടെണ്ണം വിശദമാക്കുക.<ul><li>ലീഗൽ മെട്രോളജി വകുപ്പ് – അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു.</li><li>ഭക്ഷ്യസുരക്ഷാവകുപ്പ് – ഭക്ഷ്യവസ്തുക്കളുടെ ഗുണ മേന്മ ഉറപ്പുവരുത്തുന്നു.</li><li>കേന്ദ്ര ഔഷധവിലനിയന്ത്രണ കമ്മിറ്റി – മരുന്നുകളുടെ വില നിയന്ത്രിക്കുന്നു.</li><li>ഡ്രഗ്സ് കൺട്രോൾ വകുപ്പ് – മരുന്നുകളുടെ ഗുണമേന്മ ,സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു.</li></ul></td><td>4</td></tr>
</table>

| | | |
|---|---|---|
| | • **ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ –** ഉൽപ്പാദനം ,വിതരണം ,സംഭരണം ,വിൽപ്പന ,ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു. | |
| 14 | **നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ:**<br>• വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക<br>• നികുതി നൽകാതിരിക്കുക<br>• ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക<br>• വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക<br>• കോടതികൾ ബഹിഷ്കരിക്കുക<br>• തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക | 4 |
| 15 | **ഭൂപടത്തിൽ കൃത്യമായി അടയാളപ്പെടുത്തുന്നതിന് :** | 4 |
| **PART - B** | | |
| 16 | **ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ പ്രധാന ഭൂനികുതി സമ്പ്രദായങ്ങൾ ഏതെല്ലാം?**<br>• ശാശ്വതഭൂനികുതി വ്യവസ്ഥ<br>• റയട്ട് വാരി വ്യവസ്ഥ<br>• മഹൽവാരി വ്യവസ്ഥ<br>**OR**<br>**നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭ്ഭായി പട്ടേൽ വഹിച്ച പങ്ക് :**<br>• കേന്ദ്ര മന്ത്രിസഭയിൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ് ഭായി പട്ടേലിനായിരുന്നു.<br>• അദ്ദേഹം സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ നിയമിച്ചു.<br>• ഇവർ രണ്ടുപേരും കൂടിച്ചേർന്നു ഒരു ലയനക്കരാർ തയ്യാറാക്കി.<br>• അതനുസരിച്ച് വിദേശകാര്യം, വാർത്താവിനിമയം, പ്രതിരോധം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.<br>• ജനകീയപ്രതിഷേധങ്ങളും ഗവൺമെന്റിന്റെ പ്രായോഗികസമീപനവുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പ് വച്ചു. | 3 |
| 17 | **(A) അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഉപകരണം:**<br>രസബാരോമീറ്റർ<br>**(B) ഒരേ അന്തരീക്ഷ മർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് ഭൂപടങ്ങളിൽ വരയ്ക്കുന്ന സാങ്കല്പിക രേഖ:**<br>സമമർദരേഖകൾ<br>**(C) ഉയരവും അന്തരീക്ഷമർദ്ദവും:**<br>ഉയരം കൂടുംതോറും അന്തരീക്ഷമർദ്ദം കുറയുന്നു<br>**OR**<br>**വസന്തകാലം:**<br>• മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം | 3 |

| | | |
|---|---|---|
| | • ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം<br>• ചെടികൾ തളിർക്കുന്നതും പുഷ്പിക്കുന്നതും മാവു പൂക്കുന്നതും പ്ലാവുകളിൽ ചക്കയുണ്ടാകുന്നതും ഈ കാലത്തിന്റെ സവിശേഷതയാണ് | |
| 18 | **കുറിച്യ കലാപത്തിന്റെ കാരണങ്ങൾ:**<br>• ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്<br>• നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്<br>• നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്<br>**OR**<br>**സ്വതന്ത്ര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ:**<br>• നിരവധി ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു<br>• ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി,ഇന്ത്യൻ കാർഷിക ഗവേഷണ സമിതി,ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി ആരംഭിച്ചു.<br>• ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജ കമ്മീഷൻ എന്നിവയ്ക്ക് ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകി.<br>• അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ സ്ഥാപിച്ചു.<br>• മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ് ,ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം, വിവരസാങ്കേതികവിദ്യ ആണവോർജം എന്നീ മേഖലകളിൽ വലിയ നേട്ടം കൈവരിച്ചു | 3 |
| 19 | **മൈക്രോ ഫിനാൻസിന്റെ ലക്ഷ്യങ്ങൾ:**<br>• വ്യക്തികളിൽ നിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു<br>• പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നു<br>• സമ്പാദ്യശീലം വളർത്തുന്നു<br>• വ്യക്തിഗത കഴിവുകൾ ഗ്രൂപ്പ് വികസനത്തിന് പ്രയോജനപ്പെടുത്തുന്നു<br>• അംഗങ്ങൾക്ക് ആവശ്യസമയത്ത് വായ്പ നൽകുന്നു<br>• ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു<br>**OR**<br>**സമഗ്രശിക്ഷാ അഭിയാൻ**<br>• സാർവത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക<br>• SCERT/DIET തുടങ്ങിയ അധ്യാപകപരിശീലനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക<br>**രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ**<br>• ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക | 4 |
| 20 | **വിവിധതരം പൗരത്വം :**<br>• **സ്വാഭാവിക പൗരത്വം** - ജന്മനാ ലഭിക്കുന്നത് | 4 |

| | | |
|---|---|---|
| | • **ആർജിത പൗരത്വം** – ഒരു രാജ്യത്തെ നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്നത്<br>**OR**<br>**പൗരബോധവും ധാർമികതയും:**<br>• നന്മതിന്മകൾ തിരിച്ചറിഞ്ഞു നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിര്വഹിക്കുകയുമാണ് ധാർമ്മികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്<br>• സമൂഹത്തോടും രാജ്യത്തോടുമുള്ള കടമ നിറവേറ്റുക ഓരോ വ്യക്തിയുടെയും ധർമമാണ്<br>• ധാർമികത പൗരബോധത്തെ സഹായിക്കുന്നു<br>• അധാർമികത പൗരബോധം ഇല്ലാതാക്കുന്നു<br>• ജീവിതത്തിന്റെ എല്ലാമേഖലകളിലും ധാർമികബോധം സൃഷ്ടിക്കാലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഫലപ്രദമായ മാർഗ്ഗം | |
| 21 | **സാംസ്കാരിക സവിശേഷതകൾ:**<br>• ധരാതലിയ ഭൂപടങ്ങളിലെ മനുഷ്യനിർമ്മിത സവിശേഷതകളാണ് സാംസ്കാരിക സവിശേഷതകൾ<br>• ഉദാ:കോട്ട<br>• അമ്പലം<br>• ക്രിസ്ത്യൻ പള്ളി<br>• വസസ്ഥലം<br>• റോഡ്<br>• ശവപറമ്പ്<br>• റെയിൽവേപാളം<br>**OR**<br>**ഭൂസ്ഥിര ഉപഗ്രഹങ്ങൾ**<br>• സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 കി.മിഉയരത്തിൽ<br>• ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നു<br>• ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന്<br>• ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണപരിധിയിൽ<br>• വാർത്താവിനിമയത്തിനും ദിനാന്തരീക്ഷസ്ഥിതി മനസ്സിലാക്കാനും ഉപയോഗിക്കുന്നു<br>• ഉദാഹരണം ഇൻസാറ്റ് ഉപഗ്രഹങ്ങൾ | 4 |
| 22 | (a) രാഷ്ട്രം ദൈവസൃഷ്ടിയാണ്<br>(b) പരിണാമ സിദ്ധാന്തം<br>(c) ജനങ്ങൾ രൂപം നൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽ വന്നു.<br>(d) ശക്തിസിദ്ധാന്തം<br>**OR** | 4 |
| 23 | പണവായ്പ \| ഓവർഡ്രാഫ്റ്റ് | 4 |

<table>
<tr><td></td><td>
<table>
<tr><td>

- ഭൗതിക ആസ്തികൾ,സ്ഥിരനിക്ഷേപത്രങ്ങൾ, ശമ്പളപത്രം തുടങ്ങിയ ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന വായ്പ.

</td><td>

- വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള സൗകര്യമാണ് ഓവർഡ്രാഫ്റ്റ്
- ബാങ്കുമായി തുടർച്ചയായി ഇടപാടുകൾ നടത്തുന്ന വ്യക്തികൾക്കാണ് ബാങ്ക് ഈ സൗകര്യം നൽകുന്നത്
- സാധാരണയായി പ്രചലിതനിക്ഷേപമുള്ളവർക്കാണ് ഈ അവസരം നൽകുന്നത്

</td></tr>
</table>

**OR**

**തൊഴിൽ പങ്കാളിത്ത നിരക്ക്:**

- 15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിൽ അന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്.
- രാജ്യത്തിന്റെ പുരോഗതിക്ക് ഗണ്യമായ സംഭാവന ചെയ്യാൻ കഴിവുള്ളവരാണ് ഈ വിഭാഗത്തിൽ പെടുന്നവർ

**ആശ്രയത്വനിരക്ക്:**

- 0 മുതൽ 14 വയസ്സുവരെയുള്ളവരും 60 വയസ്സ് മുതൽ ഉള്ളവരും ആശ്രയത്വ വിഭാഗത്തിൽപ്പെടുന്നു
- ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വനിരക്ക് എന്നു പറയുന്നു
- ഈ വിഭാഗം അധ്വാനിശേഷിയുള്ള വിഭാഗത്തെ ആശ്രയിച്ച് കഴിയുന്നവരാണ്
- ആശ്രയത്വ നിരക്ക് വർദ്ധിക്കുന്നത് ആളോഹരിവരുമാനം കുറയുന്നതിനിടയാക്കുന്നു

</td><td></td></tr>
<tr><td>24</td><td>

- ***ഒരു വർഷക്കാലയളവിനുള്ളിൽ കാറ്റിന്റെ ഗതി വിപരീതമാകുന്ന പ്രതിഭാസമാണ് മൺസൂൺ***

  **മൺസൂൺ കാറ്റുകൾ രൂപം കൊള്ളുന്നത് :**
- അച്ചുതണ്ടിന്റെ ചരിവ് നിമിത്തം സൂര്യ രശ്മികൾ ചില മാസങ്ങളിൽ ഭൂമധ്യരേഖയ്ക്ക് വടക്കായിരിക്കും ലംബമായി പതിക്കുക.
- ഇത് ഈ പ്രദേശങ്ങളിൽ താപനില വർദ്ധിക്കുന്നതിന് കാരണമാകും.
- അതിനനുസരിച്ച് മർദ്ദ മേഖലകൾക്കും വടക്കോട്ട് നേരിയ തോതിൽ സ്ഥാനമാറ്റമുണ്ടാകും.
- ഉത്തരാർദ്ധഗോളത്തിലെ വേനൽക്കാലത്ത് മദ്യരേഖാന്യൂനമർദ്ദ മേഖല (ഇന്റർ ട്രോപ്പിക്കൽ കൺവർജൻസ് സോൺ,ITCZ) വടക്കോട്ട് നീങ്ങുമ്പോൾ തെക്ക്കിഴക്കൻ വാണിജ്യവാതങ്ങളും മധ്യരേഖ കടന്ന് വടക്കോട്ട് നീങ്ങും.
- മധ്യരേഖ കടക്കുന്നതോടെ തെക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ കോറിയോലിസ് പ്രഭാവം മൂലം വ്യതിയാനം സംഭവിച്ച് തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകളായി രൂപാന്തരം പ്രാപിക്കുന്നു.

</td><td>5</td></tr>
</table>

| | | |
|---|---|---|
| | • ഉയർന്ന പകൽച്ചൂട് നിമിത്തം കരയുടെ മുകളിൽ രൂപംകൊള്ളുന്ന ന്യൂനമർദ്ദം സമുദ്രോപരിതലത്തിലൂടെ വീശുന്ന ഈ കാറ്റുകളെ അങ്ങോട്ടേക്ക് ആകർഷിക്കുന്നതും തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾക്ക് കാരണമാകുന്നു.<br>**OR**<br>**അന്താരാഷ്ട്രദിനാങ്കരേഖ:**<br>• $180^0$ രേഖാംശ രേഖയാണ് അന്താരാഷ്ട്രദിനാങ്കരേഖ.<br>• ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂറിന്റെ സമയവ്യത്യാസം ഉണ്ട്.<br>• ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരുദിവസം കുറച്ചും സമയം കണക്കാക്കുന്നു.<br>• കരഭാഗം ഒഴിവാക്കിയാണ് ഈ രേഖ കടന്നുപോകുന്നത്.<br>• ഈ രേഖാംശരേഖ നേർരേഖയല്ല<br>**ഗ്രീനിച്ച് രേഖ:**<br>• പൂജ്യം രേഖാംശരേഖ ഗ്രിനിച്ച് രേഖ എന്നറിയപ്പെടുന്നു<br>• ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.<br>• അതിനാൽ ഈ രേഖയെ പ്രൈം മെറീഡിയൻ എന്നും വിളിക്കുന്നു<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു. | |
| 25 | **<u>മെർക്കന്റലിസ്റ്റ് നിയമങ്ങൾ</u>**<br>• കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.<br>• കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ.<br>• കോളനികളിലെ നിയമപരമായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിച്ചിരിക്കണം.<br>• കോളനികളിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങളും മറ്റും കോളനിക്കാർ നൽകണം.<br>• കോളനികളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന തേയില, ഗ്ലാസ് , കടലാസ് എന്നിവയ്ക്ക് ഇറക്കുമതിചുങ്കം നൽകണം.<br>**<u>ചിന്തകന്മാർ</u>**<br>**ജോൺലോക്ക്**<br>• മനുഷ്യന് ചില മൗലിക അവകാശങ്ങൾ ഉണ്ട് അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല<br>**തോമസ് പെയിൻ** | 6 |

| | | |
|---|---|---|
| | • ഏതെങ്കിലും വിദേശ ശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.<br>**OR**<br>**ഫാസിസത്തിന്റെ സവിശേഷതകൾ**<br>• ജനാധിപത്യത്തോടുള്ള വിരോധം<br>• സോഷ്യലിസത്തോടുള്ള എതിർപ്പ്<br>• രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ<br>• വംശമഹിമ ഉയർത്തിപ്പിടിക്കൽ<br>• യുദ്ധത്തെ മഹത്വവൽക്കരിക്കൽ<br>• തീവ്രദേശീയത പ്രചരിപ്പിക്കൽ<br>• സൈനിക സ്വേച്ഛാധിപത്യം<br>• രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ<br>**മുസോളിനിയുടെ നടപടികൾ**<br>• സോഷ്യലിസ്റ്റുകൾ തൊഴിലാളി കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു<br>• ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി<br>• കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി<br>• എത്യോപ്യ അൽ ബേനിയ തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ചു | |


***COLIN JOSE.E*** — ***BIJU.M***

***DR.AMMR GOVT HSS KATTELA.*** — ***GHSS PARAPPA***

***THIRUVANATHAPURAM*** — ***KASARGOD***